LIBRARY ARCHIVES Kerala Legislative Assembly

ആറനാട് പാറ്റൂർ കടിവെള്ള പദ്ധതി

177(2646) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ആറനാട് പാറ്റൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ശുദ്ധീകരണശാലയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനത്തിനായി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും മറ്റുമായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ചുള്ള തുകയ്ക്ക് നബാർഡിന്റെ അംഗീകാരം ലഭ്യമായോയെന്ന് വിശദമാക്കുമോ ; നബാർഡ് ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആറനാട്, ചുനക്കര സമീപ വില്ലേജുകൾക്കുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സും കിണറും പമ്പ് ഹൗസും നിലവിലുള്ളതുതന്നെയാണ്. ഘട്ടം ഒന്നിന്റെയും ഘട്ടം രണ്ടിന്റെയും പൊതുഘടകമായ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ചുകഴിഞ്ഞു. 170 കുതിരശക്തിയുള്ള 2 റോ വാട്ടർ പമ്പുസെറ്റ് വിതരണം ചെയ്തുകഴിഞ്ഞു. ജലശുദ്ധീകരണശാല നിർമ്മാണവും ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും 4.50 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതലസംഭരണിയും ഭൂതല സംഭരണിയിൽനിന്നും ചുനക്കരയിലേക്കുള്ള 250 എം.എം. ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനും പൂർത്തീകരിച്ചു. മാവേലിക്കര മണ്ഡലത്തിലെ ആറനാട് പാറ്റൂർ കുടിവെള്ള പദ്ധതിയുടെ റോ വാട്ടർ പമ്പ് ചെയ്യുന്ന ഇടപ്പോണിലെ പമ്പ് ഹൗസ് നവീകരിക്കുന്നതിനുള്ള അനുമതിയായിട്ടുണ്ട്. പമ്പ് ഹൗസിന്റെ നവീകരണ പ്രവർത്തനങ്ങളും അതിനോട് ചേർന്ന പാനൽ ബോർഡ് റൂം നിർമ്മിക്കുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ഇതുകൂടാതെ സബ്സ്റ്റേഷനും ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിനും 130 കുതിരശക്തിയുള്ള 2 പമ്പ്സെറ്റ് ശുദ്ധീകരണശാലയുടെ ക്ലിയർ വാട്ടർ പമ്പ് ഹൗസിൽ സ്ഥാപിച്ച് പാലമേൽ, താമരക്കുളം, ചുനക്കര എന്നീ പ്രദേശങ്ങളിൽ എത്തിക്കുവാനും

ജലശുദ്ധീകരണശാലയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും വിതരണ കഴലുകൾ സ്ഥാപിക്കുന്നതിനുമായി പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം 4 കോടി രൂപയുടെ എസ്റ്റിമേറ്റ് എസ്.എൽ.എസ്.സി.-യിൽ സമർപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു. റോ വാട്ടർ പമ്പ് ഹൗസിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ കഴിഞ്ഞാൽ ആറനാട് പ്രദേശത്തേക്ക് ശുദ്ധജല വിതരണം നടത്താൻ സാധിക്കുന്നതാണ്.

(ബി) മേൽ പ്രസ്താവിച്ച 4 കോടി രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും 250 കെ.വി.എ. ട്രാൻസ്ഫോർമറിനുമായുള്ള 42 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(സി) പ്രസ്തുത പദ്ധതി 2015-ലെ എസ്.എൽ.എസ്.എസ്.സി.-യുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) മാർച്ച് 2016-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കും (സോൺ-1). എല്ലാ ഘടകങ്ങളുമുൾപ്പെടെ പദ്ധതി 2018-19-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

നദികളിലെ മണൽവാരൽ

178(2647) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം നദികളിൽ നിന്നാണ് മണൽ വാരുന്നതിനുള്ള അനുവാദം നൽകിയിട്ടുള്ളതെന്നും ഇതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) നദികളിലെ മണലിന്റെ ലഭ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ നദിയിലും ഇത് സംബന്ധിച്ച് കണ്ടെത്തിയ വസ്തുതകൾ വ്യക്തമാക്കുമോ;

(സി) പുഴകളിലെ മണൽ ഖനനം സംബന്ധിച്ച് ഏതൊക്കെ വകുപ്പുകൾക്കാണ് നിയന്ത്രണാധികാരങ്ങൾ ഉള്ളതെന്നു വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly